# നമ്മുടെ ആവശ്യങ്ങൾ അറിയുന്ന ദൈവം

## മത്തായി 15:32

"എന്നാൽ യേശു തന്റെ ശിഷ്യന്മാരെ അടുക്കെ വിളിച്ചു: ഈ പുരുഷാരം ഇപ്പോൾ മൂന്നു നാളായി എന്നോടുകൂടെ പാർക്കുന്നു; അവർക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്ക കൊണ്ടു അവരെക്കുറിച്ചു എനിക്കു മനസ്സലിവു തോന്നുന്നു; അവരെ പട്ടിണിയായി വിട്ടയപ്പാൻ മനസ്സുമില്ല; അവർ വഴിയിൽവെച്ചു തളർന്നുപോയേക്കും എന്നു പറഞ്ഞു."

കർത്താവായ യേശുവിന്റെ കൂടെ മലമുകളിൽ ഇരുന്ന് അവന്റെ ഉപദേശം കേൾക്കാനും രോഗങ്ങളുടെ സൗഖ്യത്തിനും അങ്ങനെ പലവിധങ്ങളായ പ്രതികൂലങ്ങളുടെ നടുവിൽ മൂന്നുദിവസം കഴിയുന്ന ഒരു വലിയ പുരുഷാരം അവനോടൊപ്പം ഉണ്ടായിരുന്നല്ലോ. അവരുടെ ഓരോരുത്തരുടേയും കൈവശം എന്തുണ്ടായിരുന്നുവെന്നും അവരെ തിരികെ പറഞ്ഞയയ്ക്കുമ്പോൾ അവരുടെ ആവശ്യം എന്തായിരുന്നുവെന്നും കർത്താവ് പൂർണ്ണമായി ഗ്രഹിക്കുന്നു.

തന്റെ സാന്നിദ്ധ്യത്തിന്റെ മറവിങ്കൽ ആയിരുന്നപ്പോൾ വിശപ്പോ, ദാഹമോ ഒന്നും പുരുഷാരത്തെ തളർത്തിയിരുന്നില്ല എന്ന് നമുക്ക് മനസ്സിലാക്കാം. എന്നാൽ മൂന്നുനാൾ കഴിഞ്ഞ് തന്നെ വിട്ടുപോകുമ്പോൾ, അന്നേരം തന്റെ മക്കൾക്ക് വേണ്ടതു കൊടുത്തില്ലെങ്കിൽ തീർച്ചയായും വഴിയിൽ വീണുപോകും-കർത്താവിന്റെ എത്ര വാൽസല്യത്തോടുകൂടെയുള്ള സ്നേഹത്തിന്റെ ദർശനമാണ് ഇവിടെ കാണിച്ചിരിക്കുന്നത്.

ഇന്ന് ലോകം സ്വന്തം മാതാപിതാക്കൾക്കുപോലും ഒരു നേരത്തെ ആഹാരമോ അവരുടെ ഏറ്റം പ്രാഥമികമായ ആഗ്രഹങ്ങളോ ആവശ്യങ്ങളോ മനസ്സിലാക്കാനോ, സഫലീക്കരി ക്കാനോ കഴിയാതെവണ്ണം പരാജയപ്പെടുമ്പോൾ എല്ലാ ദൈവമക്കൾക്കും ഇത് ഒരു മാതൃ കയാകണം. തങ്ങളുടെ കൂടെയുള്ളവരുടെ ക്ഷീണവും ബലഹീനതയും ആവശ്യഭാര ങ്ങളും കണ്ട് തക്കത്തിൽ അവരെ സഹായിക്കുവാൻ ലഭിക്കുന്ന ഓരോ അവസരങ്ങളും പ്രയോജനപ്പെടുവാൻ ഇടയാകട്ടെ.

എബ്രായർ 12:3-ൽ നാം ഇങ്ങനെ വായിക്കുന്നു. "നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാ തിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചു കൊൾവിൻ." ആദ്യം ശാരീരിക ക്ഷീണത്തെ മനസ്സിലാക്കി ശക്തിപ്പെടുന്ന കർത്താവിന്റെ ഹൃദയം നാം കണ്ടല്ലോ. എന്നാൽ ശാരീരിക ക്ഷീണത്തോടൊപ്പം ഒരു ദൈവപൈതലിന് ആത്മീക ക്ഷീണവും ഉണ്ടാകാനുള്ള സാധ്യത ഉണ്ടെന്ന് വചനം പഠിപ്പിക്കുന്നു. എന്നാൽ ശരീരത്തെ ബലപ്പെടുത്തി തന്നതുപോലെ തന്റെ കുഞ്ഞുങ്ങളെ തളർന്നുപോകാൻ

അനുവദിക്കാതെ എന്തുചെയ്യണം എന്ന് സ്നേഹത്തോടെ യേശു പഠിപ്പിക്കുന്നു. "ലോകത്താൽ യേശു നേരിട്ട വിരോധം" മാത്രം മനസ്സിൽ ധ്യാനിക്കുവാൻ ഓരോരുത്തർക്കും ഇടയാകട്ടെ. നമ്മുടെ കർത്താവിനെപ്പോലെ ലോകം പ്രതികൂലമായിരുന്ന ആരും ഇന്നേവരേ ഉണ്ടായിട്ടില്ലല്ലോ. ഇന്ന് നാശകരമായ ഒരു ലോകത്തിന്റെ മദ്ധ്യത്തിൽ തന്റെ പ്രിയ കുഞ്ഞുങ്ങൾ ആയിരിക്കുമ്പോൾ ആത്മാവിനെയും മനസ്സിനെയും ഭയപ്പെടുത്തുകയും ക്ഷീണിപ്പിക്കുകയും ചെയ്യുന്ന പലതും കാണുകയും കേൾക്കുകയും ചെയ്യുമ്പോഴും ദൈവവചന ധ്യാനം ഹൃദയത്തിന് ബലമായിത്തീരട്ടെ.

പ്രിയ സോദരാ, നമ്മുടെ യേശുവിന്റെ സ്നേഹം ഓരോ ദിവസവും ഹൃദയത്തിൽ ധ്യാനിക്കാനും ശരീരത്തിലും ആത്മാവിലും ബലപ്പെടാനും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ ആവശ്യഭാരത്തെ നന്നായി അറിയുന്നവനായ ഒരു ദൈവം, പാതിവഴിയിൽ ഉപേക്ഷിക്കാതെ തൃപ്തിയോടെ പോറ്റിപുലർത്തുന്നവനായ ഒരു ദൈവം ആണ് യേശു. കടന്നുവന്ന പുരുഷാരത്തിന്റെ കൈവശം ഒന്നു ഇല്ലായിരുന്നുവെന്ന് മാത്രമല്ല യാതൊരു ഭക്ഷ്യസാധനങ്ങളും ലഭിക്കുവാൻ സാഹചര്യങ്ങളും ഇല്ലായിരുന്നുവെന്ന് നമുക്ക് തുടർന്ന് വായിക്കുമ്പോൾ കാണാം. കാരണം ശിഷ്യന്മാർ യേശുവിനോടു ചോദിക്കുന്നുണ്ട് "ഇത്ര വലിയ പുരുഷാരത്തിനു തൃപ്തി വരുത്താൻ മതിയായ അപ്പം ഈ നാട്ടിൽ നമുക്ക് എവിടെ നിന്നു കിട്ടും." അതേ ജീവിതത്തിന്റെ ചെറുതും വലുതുമായ ആവശ്യങ്ങളിൽ ഭാരപ്പെടുന്ന ദൈവപൈതലേ നിന്റെ കൈയ്യിൽ ഉള്ളതിനെ കൊടുക്കൂ. ഒന്നുമില്ലെങ്കിലും തന്റെ മക്കളേ പൂർണ്ണ തൃപ്തിയിൽ നിറയ്ക്കാൻ കഴിവുള്ള യേശുവിന്റെ സ്നേഹത്തെ ദിനം തോറും ഓർത്തു ധ്യാനിക്കൂ. അവ തീർച്ചയായും ആത്മ ദേഹി ദേഹത്തെ പുഷ്ടിപ്പെടുത്തും. സന്തോഷിപ്പിക്കും. ആശ്വസിപ്പിക്കും. ഏത് സാഹചര്യത്തിലും ഒരുപോലെ ജീവന്റെ അപ്പമായ യേശുവിനെ മാത്രം നോക്കി യാത്ര ചെയ്യാൻ ഇടയായി തീരട്ടെ. ദൈവം അനുഗ്രഹിക്കട്ടെ.

**പരാമർശം :**

യെശയ്യാവു 30:20–21

കർത്താവു നിങ്ങൾക്കു കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവു മറഞ്ഞിരിക്കയില്ല; നിന്റെ കണ്ണു നിന്റെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്കു പിറകിൽനിന്നു കേൾക്കും.

മത്തായി 6:8
അവരോടു തുല്യരാകരുതു; നിങ്ങൾക്കു ആവശ്യമുള്ളതു ഇന്നതെന്നു നിങ്ങൾ യാചിക്കും മുമ്പെ നിങ്ങളുടെ പിതാവു അറിയുന്നുവല്ലോ.

## സിസ്റ്റർ ബിന്ദു റെജി അയ്മനം 004